ഈ പദ്ധതിയിൽ ചോക്കാട് പഞ്ചായത്ത് കൂടി ഭാഗീകമായി ഉൾപ്പെടുന്ന വിധത്തിൽ എസ്റ്റിമേറ്റ് പുതുക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു. രണ്ടു പദ്ധതികളും 4th SLSSC-യിൽ പരിഗണിക്കുവാൻ കഴിയും.

(ഡി) സംസ്ഥാനത്ത് ജൽജീവൻ മിഷനിൽ എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് ഇനിയും അംഗീകാരം ലഭിക്കാനുള്ളതെന്ന് അറിയിക്കാമോ; കേന്ദ്രം സംസ്ഥാനത്തിന് അനുവദിച്ച വിഹിതത്തിൽ ഇനിയും ശേഷിക്കുന്നത് എത്ര കോടി രൂപയാണെന്നും വ്യക്തമാക്കാമോ?

ജൽജീവൻ മിഷനിൽ ഉൾപ്പെടുത്തി എല്ലാ വീടുകളിലും കുടിവെള്ള കണക്ഷൻ നൽകുവാനുള്ള ഡി.പി.ആർ.-കൾ തയ്യാറാക്കി പഞ്ചായത്തുകളിൽ നൽകി വരുന്നു. പഞ്ചായത്തുകളുടെയും, DWSM ന്റെയും അംഗീകാരം ലഭിച്ച് SLSSC-യുടെ അംഗീകാരം ലഭിക്കുന്ന പദ്ധതികൾക്കാണ് ഭരണാനുമതി നൽകുന്നത്. അംഗീകാരത്തിനായി ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കുന്ന പ്രക്രിയ പുരോഗമിക്കുന്നു. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് മാത്രമേ അംഗീകാരം ലഭിക്കുന്നതിനുള്ള ബാക്കി പദ്ധതികളുടെ തുക കണക്കാക്കുന്നതിന് സാധിക്കുകയുള്ളൂ. 30-9-2021-ലെ കണക്കു പ്രകാരം കേന്ദ്രം സംസ്ഥാനത്തിന് അനുവദിച്ച വിഹിതത്തിൽ ഇനി 199.87 കോടിരൂപ ശേഷിക്കുന്നുണ്ട്.

മലിനജല മാനേജ്മെന്റ്

267(1013) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മലിനജല മാനേജുമെന്റ് സംവിധാനം ഏർപ്പെടുത്താൻ വേണ്ടി പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിലേക്കായി സ്വീവറേജ് വെർട്ടിക്കൽ രൂപീകരിച്ചിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ റിപ്പോർട്ടുകൾ സമർപ്പിച്ചിട്ടുണ്ടോയെന്നും വിശദമാക്കാമോ?

സംസ്ഥാനത്ത് മലിനജല മാനേജ്മെന്റ് സംവിധാനം ഏർപ്പെടുത്താൻ വേണ്ട പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുന്നതിലേക്കായി സ്വീവറേജ് വെർട്ടിക്കൽ രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ 14 ജില്ലകൾക്കുവേണ്ടി സ്വീവറേജ് & സെപ്റ്റേജ് മാനേജ്മെന്റ് പ്ലാനിന്റെ പ്രിലിമിനറി എഞ്ചിനീയറിംഗ് റിപ്പോർട്ട് (PER) ലഭ്യമായിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

(ബി) സംസ്ഥാനത്ത് മലിനജല മാനേജ്മെന്റ് ശൃംഖലയുടെ വ്യാപ്തി നിലവിൽ എത്രയാണ്; വ്യാപ്തി വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

തിരുവനന്തപുരം കോർപ്പറേഷൻ ഏരിയയിലെ 43 വാർഡുകളിൽ പൂർണ്ണമായോ ഭാഗികമായോ സ്വീവറേജ് സ്കീം നിലവിലുണ്ട്. 5 ബ്ലോക്കുകളിലായിട്ടാണ് സ്വീവറേജ് സംവിധാനം വിഭജിച്ചിരിക്കുന്നത്. നിലവിൽ 52000 കണക്ഷനുകൾ നൽകിയിട്ടുണ്ട്. കഴക്കൂട്ടം, ശ്രീകാര്യം, ഉള്ളൂർ മേഖലകളുൾപ്പെടെ തിരുവനന്തപുരം നഗരത്തിൽ സ്വീവറേജ് സംവിധാനം നടപ്പിലാക്കുന്നതിനായി അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി വിവിധ പദ്ധതികളുടെ പ്രവൃത്തികൾ നടന്നുവരുന്നു. കൊച്ചി കോർപ്പറേഷനിലെ 5 ഡിവിഷനുകളിലായി ഏകദേശം 28 കിലോമീറ്റർ നീളത്തിൽ സ്വീവറേജ് നെറ്റ്വർക്ക് നിലവിലുണ്ട്. മേൽ ശൃംഖലയുടെ വ്യാപ്തി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പുതിയ 5 എം.എൽ.ഡി. ശേഷിയുള്ള പ്ലാന്റിന്റെ നിർമ്മാണം അമൃത് പദ്ധതിയിൽ ഉൾപ്പെടുത്തി ഇളംകുളത്ത് പുരോഗമിക്കുന്നു. ഈ പ്രവൃത്തി 48% പൂർത്തീകരിച്ചിട്ടുണ്ട്. മാർച്ച് 2022-ൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. ഗുരുവായൂർ മുനിസിപ്പാലിറ്റിയിലെ 14, 15, 17, 18, 19, 27, 28 വാർഡുകൾ ഉൾപ്പെടുത്തി 1.4 ചതുരശ്ര കിലോമീറ്റർ ഏര്യയിൽ 7340 മീറ്റർ സ്വീവേജ് ലൈൻ സ്ഥാപിക്കുന്ന ഗുരുവായൂർ അഴുക്കുചാൽ പദ്ധതി ഭാഗികമായി കമ്മീഷൻ ചെയ്തിട്ടുണ്ട്. പൂർണ്ണതോതിലുള്ള പ്രവർത്തനത്തിനായി യുദ്ധകാലാടി സ്ഥാനത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) മലിനജല മാനേജ്മെന്റുകൾ സംവിധാനം നടപ്പിലാക്കുന്നതിന് നിലവിൽ നേരിടുന്ന പ്രതിസന്ധികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ?

ശുദ്ധീകരണശാലകളും സംഭരണ കിണറുകളും നിർമ്മിക്കുന്നതിന് ആവശ്യമായ സ്ഥലത്തിന്റെ ലഭ്യതക്കുറവും പൈപ്പുകൾ സ്ഥാപിക്കുന്നതിനും ആൾനൂഴികൾ നിർമ്മിക്കുന്നതിനാവശ്യമായ അനുമതി ലഭിക്കുന്നതിനുള്ള കാലതാമസവും പരിശീലനം ലഭിച്ച ഉദ്യോഗസ്ഥരുടെ എണ്ണത്തിലുള്ള പരിമിതിയും പദ്ധതി നിർവ്വഹണത്തിന് പ്രതിസന്ധി സൃഷ്ടിക്കുന്നുണ്ട്.

തീരദേശ കുടിവെള്ള പദ്ധതി

268(1014) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യത്തിന് ജലവിഭവ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തീരദേശ കുടിവെള്ള പദ്ധതികളുടെ നിർമ്മാണ പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; പ്രസ്തുത പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?